# കടലുണ്ടി

കേരളത്തിലെ പ്രഥമ കമ്മ്യൂണിറ്റി റിസർവ്വായ 'കടലുണ്ടി - വള്ളിക്കുന്ന്', കോഴിക്കോട് ജില്ലയിലെ കടലുണ്ടി ഗ്രാമപഞ്ചായത്തിലും മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലും ഉൾപ്പെടുന്ന 150 ഹെക്ടർ സ്ഥലത്തായി വ്യാപിച്ചുകിടക്കുന്നു. പശ്ചിമഘട്ട മലനിരകളിൽ നിന്നാരംഭിച്ച് മലപ്പുറം ജില്ലയിലെ വിവിധ സ്ഥലങ്ങളിലൂടെ ഒഴുകിയെത്തുന്ന കടലുണ്ടി പുഴ അറബിക്കടലിൽ ചേരുന്ന ഭാഗമാണ് കടലുണ്ടി അഴിമുഖം. പുഴയും കടലും ചേരുന്ന ഭാഗങ്ങളിലെ ഉപ്പ്കലർന്ന വെള്ളത്തിൽ കണ്ടൽചെടികൾ സമൃദ്ധമായി വളരുന്ന ഈ പ്രദേശം ഒരു പ്രത്യേക ജൈവവ്യവസ്ഥയുടെ ഭാഗമാണ്. തദ്ദേശീയ പക്ഷികൾക്കു പുറമേ ദേശാടന പക്ഷികളുടെയും താവളമായ ഇവിടം നീർനായ് ഉൾപ്പെടെ 15 ഇനം സസ്തനികൾ വിവിധതരം ആമകൾ, മത്സ്യങ്ങൾ എന്നീജീവികളാൽ സമ്പന്നമാണ്.



* കടലുണ്ടി - വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തുകളിലെ നിരവധി സാംസ്കാരിക പൈതൃക കേന്ദ്രങ്ങൾ.
* കടലുണ്ടി പുഴയിലൂടെയുള്ള ബോട്ടുയാത്ര,കണ്ടൽ വനങ്ങളെയും, പക്ഷികളെയും അടുത്തു നിന്ന് കാണുവാൻ അവസരം ഒരുക്കുന്നു.
* കടലുണ്ടി അഴിമുഖത്ത് നിന്നുള്ള സൂര്യാസ്തമന ദർശനം.
* കടലാമ പ്രജനന കേന്ദ്രങ്ങൾ.



കൂടുതൽ വിവരങ്ങൾക്ക്

Divisional Forest Officer,
Kozhikode Forest Division, Civil Station, B Block,
6th Floor, Kozhikode-673020
0495 - 2374450, 94479 79073
dfo-kozhikode@forest.kerala.gov.in